# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 554

27/09/2011-ൽ മറുപടിക്ക്

### ന്യൂനപക്ഷ ക്ഷേമപദ്ധതികൾ

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള :

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ന്യൂനപക്ഷ, പിന്നോക്ക ജനങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) മലപ്പുറം ജില്ലയിലെ വേങ്ങര, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് എന്നിവിടങ്ങളിൽ പുതിയ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതി പലിശ രഹിതമാക്കുന്നതിനുള്ള നടപടിയെടുത്തു. ബിരുദ / ബിരുദാനന്തര / പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് / ഹോസ്റ്റൽ സ്റ്റൈപന്റ് തുക വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിനെ കേന്ദ്ര ന്യൂനപക്ഷ ക്ഷേമകാര്യ മന്ത്രാലയം മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും നോഡൽ ഏജൻസിയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷക്ഷേമ വകുപ്പിനെ സ്വതന്ത്ര വകുപ്പാക്കുന്നതിനും വിവിധ വകുപ്പുകളിൽ കൈകാര്യം ചെയ്തുവരുന്ന ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഈ വകുപ്പിലേയ്ക്ക് കൊണ്ടു വരുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മാതൃകയിൽ സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ന്യൂനപക്ഷക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിലുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) എങ്കിൽ അവ പരിഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ; | (സി) ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ കാലതാമസമൊഴിവാക്കി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ക്രിയാത്മകമായി നടപ്പാക്കുന്നതിനും ന്യൂനപക്ഷ റീജിയണൽ ഓഫീസുകൾ ആരംഭിക്കുമോ? | (ഡി) ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ സംസ്ഥാന തല ഏകോപനത്തിനായി ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷ റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ.**